# കേരളസംസ്ഥാനതിരഞ്ഞെടുപ്പ്കമ്മീഷൻ

തിരുവനന്തപുരം- 695033

## സർക്കുലർ

നമ്പർ : ബി1/33870/2020/സം.തി.ക

തീയതി: 03.12.2020

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- കോവിഡ് 19 പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിൽ ഉള്ളവർക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകൾനൽകുന്നത് - അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്

സൂചന :- കമ്മീഷന്റെ 01.12.2020-ലെ ഇതേ നമ്പർ സർക്കുലർ.

കോവിഡ് 19 പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിൽ ഉള്ളവർക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകൾ നൽകുന്നത് സംബന്ധിച്ച് സൂചന പ്രകാരം കമ്മീഷൻ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അവയ്ക്കുപുറമെ ചുവടെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. സ്പെഷ്യൽ വോട്ടർമാർക്ക് പോസ്റ്റൽ ബാലറ്റ് നേരിട്ട് നൽകുന്നതിന് സ്പെഷ്യൽ പോളിംഗ് ഓഫീസർമാരായി നിയമിക്കുന്നതിന് പ്രിസൈഡിംഗ് ഓഫീസർക്ക് സമാനമായ തസ്തികയിലുള്ളവർ വേണമെന്ന് നിർബന്ധമില്ല. വില്ലേജ് ഓഫീസർ തസ്തികയിലുള്ളവരെയോ അതിന് സമാനമായ തസ്തികയിലുള്ളവരെയോ കൂടി ഇതിലേക്ക് പരിഗണിക്കാവുന്നതാണ്.

2. സ്പെഷ്യൽ വോട്ടർക്ക് വോട്ടുചെയ്യുന്നതിന് ആവശ്യമായ പേന, മഷി പാഡ്, ഗ്ലൗസ്റ്റിക് മറ്റ് തിരഞ്ഞെടുപ്പ് സാധനങ്ങൾ എന്നിവ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിയോടെ വരണാധികാരികളാണ് ലഭ്യമാക്കേണ്ടത്.

3. സ്പെഷ്യൽ വോട്ടർ ഫാറം 19 ബി യിലെ അപേക്ഷ കൈപ്പറ്റി ഒപ്പിട്ട് നൽകുകയും ബാലറ്റ് പേപ്പർ കൈപ്പറ്റുകയും ചെയ്താൽ മാർക്ക്ഡ് കോപ്പിയിൽ അയാളുടെ പേരിന് നേരെ ചുവന്ന മഷികൊണ്ട് SPB എന്ന് മാർക്ക് ചെയ്യണം. സ്പെഷ്യൽ വോട്ടർ ബാലറ്റ് പേപ്പറിനുള്ള അപേക്ഷ ഒപ്പിട്ട് നൽകാൻ വിസമ്മതിച്ചാൽ മാർക്ക്ഡ് കോപ്പിയിൽ ചുവന്ന മഷികൊണ്ട് SPB Refused എന്ന് രേഖപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളിലും പെടാത്ത സർട്ടിഫൈഡ് ലിസ്റ്റിലുള്ള സ്പെഷ്യൽ വോട്ടർമാരുടെ പേരിന് നേരെ മാർക്ക്ഡ് കോപ്പിയിൽ ചുവന്ന മഷി കൊണ്ട് SV എന്നും മാർക്ക് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം മാർക്ക് ചെയതിട്ടുള്ള മൂന്ന് വിഭാഗം സ്പെഷ്യൽ വോട്ടർമാർക്കും പോളിംഗ് സ്റ്റേഷനിൽ ഹാജരായി വോട്ടുചെയ്യാൻ അനുവദിക്കാൻ പാടില്ല.

4. സ്പെഷ്യൽ ബാലറ്റിനായി വോട്ടെടുപ്പിന് തലേ ദിവസം വൈകുന്നേരം 3 മണിവരെ നേരിട്ടോ തപാൽ വഴിയോ ലഭിക്കുന്ന അപേക്ഷകൾ സംബന്ധിച്ചുള്ള പോസ്റ്റൽ ബാലറ്റും മറ്റും ബന്ധപ്പെട്ട സ്പെഷ്യൽ വോട്ടർമാർക്ക് അന്ന് വൈകുന്നേരം 6 മണിക്ക് മുമ്പ് തന്നെ തപാൽ വഴി അയക്കേണ്ടതാണ്.